## ചോ:

# “പുതിയനിയമസഭയെ നമുക്ക് എങ്ങനെ തിരിച്ചറിയാം?”

## ഉത്തരം:

നന്മയെയും, ധാർമ്മികപ്രവൃത്തികളെയും ആശ്രയിച്ചാണ് രക്ഷ എങ്കിൽ, പുതിയ നിയമസഭ കണ്ടെത്തുവാൻ ശ്രമിക്കുന്നതു പാഴ്‌വേലയായിരിക്കും. കർത്താവിന്റെ സഭയിലും പുറത്തും, സഭ സ്ഥാപിക്കപ്പെടുന്നതിനുമുൻപു മികച്ച ധാർമ്മികതയിൽ ജീവിച്ച ചില ആളുകളും, ഇന്നു ഉയർന്ന നിലവാരത്തിൽ ജീവിക്കുന്ന ചില ആളുകളും ഉണ്ട്. ധാർമ്മികത ഒരു പാപിയെ സ്വർഗത്തിലേക്കു കൊണ്ടുപോകുമെങ്കിൽ, ക്രൂശിലെ യേശുവിന്റെ ക്രൂരമായ മരണം അനാവശ്യവും അർത്ഥശൂന്യവുമാകുന്നു. എങ്ങനെയായാലും, അവന്റെ രക്തം രക്ഷക്കു ആവശ്യമാണെങ്കിൽ, അവന്റെ സഭയും ആവശ്യമാണ്, കാരണം അവൻ തന്റെ രക്തം കൊടുത്താണ് സഭയെ വാങ്ങിയത് (പ്രവൃത്തികൾ 20:28). സുവിശേഷം അനുസരിക്കുന്ന ഏതൊരു പാപിയെയും വീണ്ടെടുക്കേണ്ടതിനുള്ള വിലയായിട്ടായിരുന്നു അവന്റെ രക്തം കൊടുത്തത് – ആ പാപി, ഒരിക്കൽ കുറ്റവിമുക്തനായാൽ, രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിലേക്കു ചേർക്കപ്പെടുന്നു. ആ സംഘമാണ് പുതിയനിയമസഭ. അതുകൊണ്ടു, ആ സംഘത്തിൽ അംഗമാകുക എന്നാൽ, പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നാണ്. ആ സംഘത്തിൽ വിശ്വസ്തരായിരിക്കുക എന്നാൽ സ്വർഗീയപ്രത്യാശയുള്ളവരായിരിക്കുക എന്നർത്ഥം. ആ സംഘത്തിനു പുറത്തായിരിക്കുക എന്നാൽ രക്ഷയും സ്വർഗീയ വാഗ്ദാനവും ഇല്ലാതിരിക്കുക എന്നാണ്. ആ വൈപരീത്യം കർത്താവിന്റെ സഭ തിരിച്ചറിയുന്നതിന്റേയും അതിൽ അംഗമാകുന്നതിന്റേയും പ്രാധാന്യത്തെ അടിവരയിടുന്നു.

കൊരിന്തിലെ പാപികളായവർ, യേശുവിന്റെ സംഭവത്തെക്കുറിച്ചു കേട്ടു വിശ്വസിച്ചു സ്നാനമേറ്റു അവനോടു ചേർന്നു (പ്രവൃത്തികൾ 18:8; റോമർ 6:3–5 നോക്കുക). ആ പാപികൾ, ഒരിക്കൽ അവരുടെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടപ്പോൾ അവരെ സംബോധന ചെയ്തത്, “കൊരിന്തിലുള്ള ദൈവസഭ” എന്നാണ് (1 കൊരിന്ത്യർ 1:2). പിന്നെ, അതിനെതുടർന്നു, എവിടെയുള്ള പാപിയായാലും യേശുവിന്റെ സംഭവങ്ങൾ കേട്ട് പ്രതികരിച്ച് വചനം വിശ്വാസത്തോടെ അനുസരിക്കുമ്പോൾ (പ്രവൃത്തികൾ 16:31; റോമർ 1:5), അവർ ഉടനെ രക്തത്താൽ വിലയ്ക്കു വാങ്ങിയതായ പുതിയനിയമസഭയോടു ചേർക്കപ്പെടുന്നു.

മാതാപിതാക്കൾ തങ്ങളുടെ ശിശുക്കളെ സ്നാനപ്പെടുത്തുമ്പോൾ, തിരുവെഴുത്തുപ്രകാരം ആ കുട്ടികൾ – വിശ്വസിക്കുവാൻ പോലും കഴിവില്ലാത്തവർ – പുതിയനിയമസഭയിലെ അംഗങ്ങളാണെന്നു പറയുവാൻ കഴിയുകയില്ല. കൂടാതെ, മാതാപിതാക്കളും/അല്ലെങ്കിൽ അവരുടെ കുട്ടികളും തളി

ച്ചാണ് സ്നാനം ഏറ്റത്, അല്ലാതെ "സ്നാനത്തിൽ അവനോടുകൂടി അടക്കപ്പെട്ടിട്ടില്ല" എങ്കിൽ (റോമർ 6:4), അവർ കൃത്യമായി പുതിയനിയമസഭയിൽ അംഗമായി എന്നു പറയുവാൻ സാധ്യമല്ല.

ഒരു സഭ അതിന്റെ ആരംഭം പുതിയനിയമത്തിൽ കണ്ടെത്തിയില്ലെങ്കിൽ, എന്നാൽ അതു കണ്ടെത്തുവാനായി വിശ്വവിജ്ഞാനകോശത്തിലോ, സഭാചരിത്രപുസ്തകത്തിലോ നോക്കി കണ്ടെത്തുവാൻ ശ്രമിച്ചാൽ, ആ സഭ പുതിയനിയമസഭ എന്നു പറയുവാൻ സാധ്യമല്ല. ഒരു സഭക്കു യെരുശലേമിൽ ക്രിസ്തുവിന്റെ[1] മരണത്തിനും, അടക്കത്തിനും, ഉയിർത്തെഴുന്നേല്പിനും ശേഷമുള്ള ആദ്യ പെന്തെകൊസ്തു നാളിൽ അതിന്റെ ആരംഭമില്ലെങ്കിൽ (നോക്കുക ലൂക്കൊസ് 24:46, 47; പ്രവൃത്തികൾ 2:41–47; 11:15), ആ സഭക്കു പുതിയനിയമസഭ എന്നു അവകാശപ്പെടുവാൻ സാധ്യമല്ല.

ഒരു സഭയുടെ സ്ഥാപകൻ പുരുഷനോ സ്ത്രീയോ ആണെങ്കിൽ, ആ സഭ യേശു പണിത സഭ ആണെന്നു അവകാശപ്പെടാവുന്നതല്ല (മത്തായി 16:18). ഒരു സഭ പുതിയനിയമത്തിനു പുറമെ വിശ്വാസപ്രമാണമായി ഏതെങ്കിലും പുസ്തകം എടുത്തിട്ടുണ്ടെങ്കിൽ, ആ സഭക്കും പുതിയനിയമസഭ എന്ന് അവകാശപ്പെടുവാൻ കഴിയുകയില്ല. (വായിക്കുക യോഹന്നാൻ 14:26; 16:13; 1 യോഹന്നാൻ 4:6; 2 യോഹന്നാൻ 7–9).

നേരെ മറിച്ച്, ഒരു സഭ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടി വരികയാണെങ്കിൽ (പ്രവൃത്തികൾ 20:7), ആ സഭക്കു പുതിയനിയമസഭയുടെ അടയാളമുണ്ട്. ഒരു സഭയിലെ അംഗങ്ങൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരുമ്പോൾ തങ്ങളുടെ പ്രാപ്തിയനുസരിച്ചു ധർമ്മശേഖരം നടത്തുകയാണെങ്കിൽ (1 കൊരിന്ത്യർ 16:1, 2), അതിനു പുതിയനിയമസഭയുടെ ഒരു അടയാളമുണ്ട്. ആത്മികഗീതങ്ങളാലും, സ്തുതികളാലും, ഹൃദയത്തിൽ പാടുവാൻ ഒരു സഭ കൂടിവരുന്നു എങ്കിൽ (എഫെസ്യർ 5:19), പുതിയനിയമത്തിലെ തിരിച്ചറിയാവുന്ന ഒരു അടയാളം ആ സഭക്കുണ്ട്. ഈ ആരാധനാ പ്രവൃത്തികൾക്കു പുറമെ, അതു ഒരുമിച്ചു കൂടി, ഉപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടുകയും, പുകയ്ക്കുകയും, രൂപങ്ങൾക്കു മുൻപിൽ വണങ്ങുകയും, അല്ലെങ്കിൽ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിക്കുകയും ചെയ്താൽ, അവ പുതിയനിയമസഭയെ തിരിച്ചറിയാവുന്ന അടയാളങ്ങളല്ല എന്നു സ്പഷ്ടം.

ഒരു സഭയിലെ അംഗങ്ങൾ നേരുള്ളവരും ഭക്തിയുള്ളവരുമാണെങ്കിൽ, അതിനു പുതിയനിയമസഭയുടെ ഒരു അടയാളമുണ്ട്. അതിലെ അംഗങ്ങൾ ലൗകികരും ലോകപ്രകാരം ജഡിക ഇഛകളനുസരിച്ചു ജീവിക്കുന്നവരുമാണെങ്കിൽ (ഗലാത്യർ 5:24, 25; 1 യോഹന്നാൻ 2:15), അതു വിശ്വസ്തമായ പുതിയനിയമസഭയുടെ ചിത്രത്തിനു നേരെ എതിരായതാണ്.

സുവിശേഷവേലക്കും, ആത്മികവർദ്ധനെക്കും, ധർമ്മോപകാരത്തിനും, മറ്റുസഭകളുമായി സഹകരിച്ച് ഒരു സഭ പ്രവർത്തിക്കുന്നു വെങ്കിൽ (പ്രവൃത്തികൾ 11:22–24, 29, 30), അതിനു പുതിയനിയമസഭയുടെ ഒരു അടയാളമുണ്ട്. അതു മറ്റു സഭകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ, അതിനു പുതിയനിയമസഭയുടെ ഒരടയാളമില്ല. സുവിശേഷപ്രവർത്തനത്തിനും (ഫിലിപ്പിയർ 4:15–17), ദൈവജനത്തിന്റെ ആത്മികവളർച്ചക്കും (പ്രവൃത്തികൾ 15:3), ധർമ്മോപകാരത്തിനും (പ്രവൃത്തികൾ 6:1–6), ഒരു സഭ വ്യക്തികളുമായി സഹകരിക്കുന്നു എങ്കിൽ അതിന് പുതിയനിയമസഭ

യുടെ അടയാളമുണ്ട്. സഹകരണം നിഷേധിക്കുന്നു എങ്കിൽ, അതിനു പുതിയനിയമത്തിലെ ഉപദേശവുമായി യോജിപ്പില്ലാത്തതിനാൽ പുതിയനിയമസഭയുടെ അടയാളമില്ല.

ഒരു സഭക്കു പേരുണ്ടെങ്കിൽ, അതിനു പുതിയനിയമസഭയാകുവാനുള്ള സാധ്യത കുറയുന്നു. കൂടാതെ, അത് സ്വയം അതിന് ഒരു പ്രാധാന്യം നൽകി വേർതിരിച്ചു മാറ്റിയിട്ടുണ്ട്, കാരണം "പേരിടുന്ന പ്രവൃത്തിയാണ്" നാമധേയവിഭാഗത്തിനുള്ളത്. എന്തിനെയെങ്കിലും ചൂണ്ടിക്കാണിക്കുക എന്നാൽ അതിനു ഒരു പേരു നൽകുക എന്നാണ്. എന്തായാലും അത് ഒരു പേരിലാണ് അറിയപ്പെടുന്നത്. സഭയുടെ പേരിനായി ഒരാൾ പുതിയനിയമത്തിൽ അന്വേഷിച്ചാൽ, അതു വൃഥാവായി തീരും, കാരണം അതു നാമധേയവിഭാഗരഹിതമാണ്, അതായതു അതിനു പേരില്ല.[2]

കുറിപ്പുകൾ

[1]"യേശുവിന്റെ ജനന തീയതിയെ സംബന്ധിച്ചു ധാരാളം തെറ്റിദ്ധാരണകൾ നിലവിലുണ്ട്. അവൻ ഏ.ഡി. 1 -ൽ ഡിസംബർ 25ന് അല്ല ജനിച്ചത്. ഈ സംഭവത്തെകുറിച്ചു എന്തെങ്കിലും അന്വേഷണത്തിനു മുതിർന്നതു യേശു ജനിച്ച് ആറു നൂറ്റാണ്ടുകൾക്കു ശേഷമാണ്. ഡയോനിസിയസ് എക്സിജൂവസ് തന്റെ കൈവശമുണ്ടായിരുന്ന ഡാറ്റ ഉപയോഗിച്ചു പുറകോട്ട് നോക്കി, താൻ കരുതിയിരുന്ന തീയതി ശരിയാണെന്നുറപ്പിച്ചു. അയാളുടെ കണക്കുകൂട്ടലനുസരിച്ച്, ക്രിസ്തീയ കലണ്ടർ, ഇപ്പോഴും ഉപയോഗത്തിലിരിക്കുന്നതു, സ്ഥാപിതമായി. അയാൾ കണ്ടെത്തിയ തീയതി തെറ്റാണെന്നു പിന്നീടു തെളിഞ്ഞു എന്ന വസ്തുതയിലാണ് ബുദ്ധിമുട്ട് ഉണ്ടായത്. അയാൾ വാസ്തവത്തിൽ നാലഞ്ചു വർഷം വീണ്ടും പുറകോട്ടു പോകണമായിരുന്നു. യേശു ജനിച്ചതു ഒന്നുകിൽ ബി.സി. 5–ൽ അല്ലെങ്കിൽ ബി.സി. 4–ൽ ആയിരിക്കാം. വ്യത്യസ്തമായ പല തെളിവുകളുടേയും അടിസ്ഥാനത്തിലാണ് പണ്ഡിതന്മാർ ആ തീയതി കണ്ടെത്തിയത്, അതായത് ഹെരോദാവിന്റെ മരണ സമയം, യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയുടെ ആരംഭം, ദൈവാലയ പണി, തുടങ്ങിയവയാണ് അവ. ഈ അഭിപ്രായത്തിൽ വലിയ വാദമൊന്നും കൂടാതെ പണ്ഡിതന്മാർ യോജിക്കുകയായിരുന്നു എന്നു നമുക്കു പറയാം" (എച്ച്. ഐ.ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ലിബെർട്ടി, എംഒ.: ക്വാളിറ്റി പ്രെസ്, 1963], 99); "ഹെരോദാവു മരിച്ച ഉടനെ ഒരു ചന്ദ്രഗ്രഹണം ഉണ്ടായതായി ജോസെഫസ് പറഞ്ഞിരിക്കുന്നു (*ആന്റികിറ്റീസ്* XVII. vi.4 [167]). ആ ഗ്രഹണം സംഭവിച്ച തീയതി ബി. സി. 4, മാർച്ച് 12/13 ... നാം ഇപ്പോൾ ഉപയോഗിക്കുന്ന കാലനിർണ്ണയ വ്യവസ്ഥ ആറാം നൂറ്റാണ്ടിൽ ഡയോനിസിയസ് എക്സിജൂവസ് കണ്ടുപിടിച്ച താണ് (സി.എ. ഏ.ഡി. 500–550) അയാളാണ് മുൻപു ഡയോക്ലീഷ്യൻ യുഗത്തിൽ ഉപയോഗിച്ചിരുന്നതിനെ കാലഹരണപ്പെടുത്തിയത്. അയാളുടെ വ്യവസ്ഥയിൽ, ഡയോനീസിയസ് കണക്കാക്കിയത് ഏ.ഡി. 1–ഉം റോം കണ്ടുപിടിച്ചതു മുതൽ 754–മത്തെ വർഷവും ഒന്നുതന്നെയാണെന്നാണ്; എന്നാൽ അയാളുടെ കണക്കുകൂട്ടലിലെ തെറ്റിനോടൊപ്പം, ജോസെഫസ് മുകളിൽ പറഞ്ഞ വിവരവും, യേശുവിന്റെ ജനനം, ഹെരോദാവിന്റെ മരണത്തിനു മുൻപാണെന്നും, അതു ബി.സി.4–നു ശേഷമായിരിക്കുവാനേ സാധ്യതയുള്ളൂ എന്നും പിന്നീട് കാലനിർണ്ണയക്കാർ വിശ്വസിക്കേണ്ടിവന്നു."(ജാക്ക് പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു,* പാർട്ട് 1, ദ ലിവിങ്ങ് വേഡ് കമെന്ററി [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1976], 50, 51). [2]എൻഎഎസ്ബി അനുസരിച്ച്, കർത്താവിന്റെ സഭയെ വിശേഷിപ്പിച്ചിരിക്കുന്ന പേരു

കൾ താഴെ കൊടുത്തിരിക്കുന്നു:

(1) "എന്റെ സഭ" (മത്തായി 16:18), 1 പ്രാവശ്യം,

(2) "ഏക സഭ" (മത്തായി 18:17), 63 പ്രാവശ്യം, അല്ലെങ്കിൽ "സഭകൾ" എന്നു, ഏതാണ്ട് 29 പ്രാവശ്യം,

(3) "ദൈവസഭ" (1 കൊരിന്ത്യർ 1:2), ഏതാണ്ട് 9 പ്രാവശ്യം; "ദൈവത്തിന്റെ സഭ കൾ," 3 പ്രാവശ്യം,

(4) "ജാതികളുടെ സഭ" (റോമർ 16:4), 1 പ്രാവശ്യം,

(5) "ക്രിസ്തുവിന്റെ സഭകൾ" (റോമർ 16:16), 1 പ്രാവശ്യം,

(6) "വിശുദ്ധന്മാരുടെ സഭകൾ" (1 കൊരിന്ത്യർ 14:33), 1 പ്രാവശ്യം,

(7) "ആദ്യ ജാതന്മാരുടെ സഭ" (എബ്രായർ 12:23), 1 പ്രാവശ്യം

അങ്ങനെ ഏഴു വിവിധ വിശേഷണങ്ങൾ സഭയെ സംബന്ധിച്ചു വിവരിച്ചിരിക്കുന്നതു കാണിക്കുന്നതു, അതിലുള്ള ആളുകൾ ഏതു വിധത്തിലുള്ളവരാണെന്നും അവരുടെ വിളിയെ സംബന്ധിച്ചും, ക്രിസ്തുവും ദൈവവുമായുള്ള ബന്ധത്തെയുമാണ്, അല്ലാതെ പേരല്ല. ആരെങ്കിലും പുതിയനിയമസഭക്കു പേരിടുവാൻ ശ്രമിച്ചാൽ, അയാൾ ആത്മാവു ചെയ്യാത്തതു ചെയ്യുവാൻ നോക്കുകയാണ്.